തിരുവനന്തപുരം

2008 നവംബർ 20 വ്യാഴം

Founder Editor : K. Sukumaran B. A.

കേരളകൗമുദി

വിശ്വാസ്യതയുടെ 97 വർഷങ്ങൾ

www.keralakaumudi.com

വൃശ്ചികം 5 1184 | Thiruvananthapuram • Kollam • Alappuzha • Kottayam • Kochi • Thrissur • Kozhikode • Kannur • Bangalore | പേജ് 12 | വില 3.50 രൂപ

2 minute കൗമുദി

കാലാവസ്ഥ

നാളെ രാവിലെവരെ മഴയ്ക്ക് സാധ്യത

കേരളത്തിൽ നാളെ രാവിലെ വരെ ചില സ്ഥലങ്ങളിൽ മഴയുണ്ടാകുമെന്ന് കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം അധികൃതർ അറിയിച്ചു. ഇന്നലെ ഒറ്റപ്പെട്ട ചിലയിടങ്ങളിൽ മാത്രമാണ് മഴ പെയ്തത്.

ദേശീയം

മൂന്ന് നക്സലുകളും പൊലീസുകാരനും മരിച്ചു

മംഗലാപുരം: ഹൊറനാഡുവിൽ നക്സൽ സംഘവും പൊലീസും തമ്മിലുണ്ടായ വെടിവയ്പിൽ നാലുപേർ മരിച്ചു. ഒരാൾ പൊലീസുകാരനും മൂന്നുപേർ നക്സലൈറ്റുകളുമാണ്. പൊലീസിനെ വെട്ടിച്ച് സംഘത്തിലെ സ്ത്രീ കടന്നു. .

പേജ് 9

പ്രാദേശികം

സ്മാർട്ട് സിറ്റി: റോഡ് ടീകോം പുനർനിർമ്മിക്കും

സ്മാർട്ട് സിറ്റിയുമായി ബന്ധപ്പെട്ട തർക്കത്തിൽ ഒന്നൊഴികെയുള്ള എല്ലാ കാര്യങ്ങളിലും ധാരണയായി. ഇന്നലെ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിലാണ് വൈദ്യുതി ബോർഡുമായുള്ള പ്രശ്നത്തിലൊഴികെ ഏകദേശ ധാരണയായത്.

പേജ് 9

പാടാൻ എന്തിന് കൈകാലുകൾ...?

"ബാലമുരളീകൃഷ്ണയുടെയും യേശുദാസിന്റെയും കീർത്തി എന്റെ പാട്ടു കേട്ടവർ എനിക്കും ചാർത്തിത്തരുന്നുണ്ട്"- ഹോട്ടൽ മുറിയിൽ കട്ടിലിന്റെ ഒരറ്റത്തേക്ക് നിരങ്ങിനീങ്ങി, തലയൊന്നു കുലുക്കി എസ്. ആർ. കൃഷ്ണമൂർത്തി ഇതു പറയുമ്പോൾ അദ്ദേഹത്തിന്റെ കണ്ണുകൾ തിളങ്ങി. ഒരു വൈകല്യത്തിനും തോല്പിക്കാനാവാത്ത ആത്മവിശ്വാസത്തിന്റെ തിളക്കം. പേജ് 12

HELP DESK

കേരളകൗമുദി വരിക്കാർക്കും വായനക്കാർക്കും പത്രത്തെപ്പറ്റി എന്തെങ്കിലും പരാതിയോ നിർദ്ദേശങ്ങളോ ഉണ്ടെങ്കിൽ രാവിലെ 9.30 മുതൽ വൈകിട്ട് 5.30 വരെ **0471- 2454647** എന്ന നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

സ്പോർട്സ്

കാണാൻ പോകുന്ന പൂരം

രാജ്കോട്ടിലും ഇൻഡോറിലും ഇന്ത്യയുടെ യുവരാജാവിന്റെ വാൾമുനയിൽ പിടഞ്ഞുതീർന്ന കെവിൻ പീറ്റേഴ്സന്റെ ഇംഗ്ലണ്ട് ഇന്ന് കാൺപൂരിൽ വിറയ്ക്കുന്ന പാദങ്ങളോടെ മൂന്നാം ഏകദിനത്തിനിറങ്ങുന്നു.

പേജ് 11

തലവര

ബേബിക്ക് താടിയുണ്ടെങ്കിലും ബുദ്ധിയില്ല - തലേക്കുന്നിൽ ബഷീർ

താടിക്ക് തീപിടിപ്പിക്കുമ്പോൾ ചുമ്മാ ബീഡി കത്തിക്കാൻ വരല്ലേ ബഷീറേ...

സിസ്റ്റർ അഭയയെ കൊന്ന കേസിൽ

രണ്ടു വൈദികരും കന്യാസ്ത്രീയും അറസ്റ്റിൽ

വടയാർ സുനിൽ

കൊച്ചി: കർത്താവിന്റെ മണവാട്ടിയായെത്തിയ സിസ്റ്റർ അഭയയെ കോട്ടയം പയസ് ടെൻത് കോൺവെന്റിലെ കിണറ്റിൽ കൊന്നു തള്ളിയ കേസിൽ രണ്ടു വൈദികരെയും ഒരു കന്യാസ്ത്രീയെയും സി.ബി.ഐ അറസ്റ്റ് ചെയ്തു. കന്നായ സഭയുടെ ചാൻസലറായ ഫാ. തോമസ് കോട്ടൂർ (61), കാസർകോട് രാജപുരം പയസ് ടെൻത് കോളേജിന്റെ ചുമതലക്കാരനായ ഫാ. ജോസ് പുതൃക്കയിൽ (56), അഭയ താമസിച്ചിരുന്ന പയസ് ടെൻത് കോൺവെന്റിലെ അന്തേവാസിയായിരുന്ന സിസ്റ്റർ സെഫി (45) എന്നിവരാണ് 16 വർഷം നീണ്ട അട്ടിമറിശ്രമങ്ങൾക്കുശേഷം ഹൈക്കോടതിയുടെ കർക്കശ ഇടപെടലുകളെ തുടർന്ന് സി.ബി.ഐയുടെ പിടിയിലായത്.

സി.ബി.ഐ കൊച്ചി യൂണിറ്റിലെ ഡിവൈ.എസ്.പി നന്ദകുമാർ നായരുടെ നേതൃത്വത്തിലുള്ള പ്രത്യേക സംഘം വെള്ളൂർ ന്യൂസ്പ്രിന്റ് ഫാക്ടറി ഗസ്റ്റ്ഹൗസിലേക്കു വിളിച്ചു വരുത്തിയാണ് മൂന്നു പ്രതികളെയും കസ്റ്റഡിയിലെടുത്തത്. ഇന്നലെ ഉച്ചയ്ക്ക് 3 മണിയോടെ എറണാകുളം ചീഫ് ജുഡീഷ്യൽ മജിസ്ട്രേട്ട് കോടതിയിൽ കനത്ത പൊലീസ് ബന്തവസിൽ ഹാജരാക്കിയ പ്രതികളെ ഡിസംബർ രണ്ട് രാവിലെ 11 മണിവരെ സി.ബി.ഐയുടെ കസ്റ്റഡിയിൽ കോടതി വിട്ടുകൊടുത്തു.

തോമസ് കോട്ടൂർ, ജോസ് പൂതൃക്കയിൽ, സിസ്റ്റർ സെഫി എന്നിവർക്ക് അഭയയുടെ കൊലപാതകത്തിൽ നിർണായക പങ്കുള്ളതായി ശാസ്ത്രീയ പരിശോധനകളിൽ വ്യക്തമായതായി സി.ബി.ഐ കോടതിയെ അറിയിച്ചു. ഈ കണ്ടെത്തലുകൾ ശരിവയ്ക്കുന്ന മൊഴി ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് പ്രതികളെ അറസ്റ്റ് ചെയ്തത്. അഭയ കൊലക്കേസിലെ പ്രതികൾ ഉന്നത സ്വാധീനമുള്ളവരാണ്. ഇവരെ അന്വേഷണത്തിന്റെ നിർണായക ഘട്ടത്തിൽ പുറത്തുവിട്ടാൽ സാക്ഷികളെ സ്വാധീനിക്കാൻ സാധ്യതയുണ്ട്. മാത്രമല്ല, അഭയയുടെ കൊലപാതകരംഗം പുനരാവിഷ്കരിക്കാനും കൊലയ്ക്കുപയോഗിച്ച ആയുധം കണ്ടെത്താനും പ്രതികളെ കസ്റ്റഡിയിൽ ആവശ്യമുണ്ടെന്ന് സി.ബി.ഐ ബോധിപ്പിച്ചു.

എന്നാൽ പ്രതിസ്ഥാനത്തു നിൽക്കുന്ന മൂവരും നിരപരാധികളാണെന്നും സി.ബി.ഐ കള്ളക്കേസുണ്ടാക്കി ഇവരെ കുരുക്കുകയാണെന്നുമായിരുന്നു പ്രതിഭാഗം അഭിഭാഷകരുടെ നിലപാട്. കോടതി ഈ നിലപാട് അംഗീകരിച്ചില്ല. പ്രത്യേക സ്വഭാവത്തിലുള്ള കേസാണ് സിസ്റ്റർ അഭയ കൊലക്കേസ്. ഈ കേസിന്റെ അന്വേഷണം നടത്തുന്ന ഉദ്യോഗസ്ഥർക്ക് പൂർണ സ്വാതന്ത്ര്യം നൽകേണ്ടതുണ്ടെന്ന് ചീഫ് ജുഡീഷ്യൽ മജിസ്ട്രേട്ട് പി.ഡി. സോമൻ വ്യക്തമാക്കി. അടുത്ത 14 ദിവസം പ്രതികളെ കസ്റ്റഡിയിൽ വച്ച് ചോദ്യം ചെയ്യാനും കൂടുതൽ തെളിവുകൾ കണ്ടെത്താനും സി.ബി.ഐക്ക് കോടതി പൂർണ സ്വാതന്ത്ര്യം അനുവദിച്ചു. ചോദ്യം ചെയ്യുന്ന സന്ദർഭത്തിൽ അഭിഭാഷകനെ കൂടെ നിറുത്തണമെന്ന പ്രതികളുടെ ആവശ്യം കോടതി തള്ളി.

കൂടുതൽ റിപ്പോർട്ടുകൾ 6, 7, 12 പേജുകളിൽ

നീതിയുടെ അൾത്താരയിൽ: ഫാദർ തോമസ് കോട്ടൂർ, സിസ്റ്റർ സെഫി, ഫാദർ ജോസ് പൂതൃക്ക എന്നിവരെ എറണാകുളം ചീഫ് ജുഡിഷ്യൽ മജിസ്ട്രേട്ട് കോടതിയിൽ ഹാജരാക്കിയപ്പോൾ

കൂടുതൽ അറസ്റ്റിന് സാദ്ധ്യത

കൊച്ചി: മുപ്പതുദിവസത്തിനകം അഭയകേസിൽ നിർണായനേട്ടം കൈവരിക്കുമെന്നും കൂടുതൽ അറസ്റ്റിന് സാദ്ധ്യതയുണ്ടെന്നും സി.ബി.ഐ ജോയിന്റ് ഡയറക്ടർ അശോക്കുമാർ പറഞ്ഞു. മുൻ അന്വേഷണ സംഘങ്ങൾക്ക് ലഭിക്കാത്ത തെളിവുകൾ പുതിയ സംഘം ശേഖരിച്ചതായി അദ്ദേഹം പത്രസമ്മേളനത്തിൽ വെളിപ്പെടുത്തി.

ലഭ്യമായ തെളിവുകൾ പ്രകാരം സിസ്റ്റർ അഭയയുടെ കൊലപാതകത്തിൽ അറസ്റ്റിലായ ഫാ. തോമസ് കോട്ടൂർ, ഫാ. ജോസ് പുതൃക്കയിൽ, സിസ്റ്റർ സെഫി എന്നിവർക്ക് പങ്കുണ്ട്. കൂടുതൽ തെളിവുകൾ ശേഖരിച്ചുവരികയാണ്. തുടർന്നുള്ള അന്വേഷണത്തിൽ കൂടുതൽ പ്രതികൾ പിടിയിലായേക്കാം. ആദ്യഘട്ടത്തിൽ അന്വേഷണം നടത്തിയ പൊലീസ് ഉദ്യോഗസ്ഥർ തെളിവുകൾ നശിപ്പിച്ചത് അന്വേഷിക്കും. ആവശ്യമെങ്കിൽ അവരെയും പ്രതിചേർക്കും. കൂടുതൽ തെളിവുകൾ ശേഖരിച്ച് 30 ദിവസത്തിനകം അന്വേഷണം പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

കേസ് മുമ്പ് അന്വേഷിച്ച സി.ബി.ഐ സംഘങ്ങൾ തെളിവുകൾ ശേഖരിച്ചിരുന്നു. പുതിയ സംഘം കൂടുതൽ വിവരങ്ങൾ ശേഖരിച്ചശേഷമാണ് അറസ്റ്റ് നടത്തിയത്. അന്വേഷണം സുപ്രധാന ഘട്ടത്തിൽ നിൽക്കുന്നതിനാൽ കൂടുതൽ വിവരങ്ങൾ ഇപ്പോൾ വെളിപ്പെടുത്താൻ കഴിയില്ല-അദ്ദേഹം പറഞ്ഞു.

മൊഴിയെടുക്കാൻ കസ്റ്റഡിയിലെടുത്ത സൻജുവിനെ പീഡിപ്പിച്ചിട്ടില്ലെന്നും അശോക്കുമാർ പറഞ്ഞു. മർദ്ദിച്ചന്ന ആരോപണം ശരിയല്ല.

പത്രസമ്മേളനത്തിൽ ഡി.ഐ.ജി. പി. കന്തസ്വാമി, എ.എസ്.പി. എൻ.പി. രാജീവാക്ഷൻ, അന്വേഷണസംഘത്തലവനായ ഡിവൈ.എസ്.പി നന്ദകുമാർ എന്നിവരും പങ്കെടുത്തു.

അരുതാത്തത് കണ്ടത് വിനയായി

സ്വന്തം ലേഖകൻ

കൊച്ചി : കേസിൽ തുടക്കം മുതൽ പ്രതിസ്ഥാനത്ത് സംശയിക്കപ്പെട്ടിരുന്ന വൈദികരായ തോമസ് കോട്ടൂർ, ജോസ് പൂതൃക്കയിൽ, സിസ്റ്റർ സെഫി എന്നിവരെ നാർക്കോ പരിശോധനയ്ക്ക് വിധേയരാക്കിയപ്പോൾ വെളിപ്പെട്ട വിവരങ്ങൾ സി.ബി.ഐ രണ്ടു ദിവസം മുമ്പ് കസ്റ്റഡിയിലെടുത്ത സഞ്ജു പി. മാത്യു ശരിവച്ചതാണ് മൂന്നു പേരുടെയും അറസ്റ്റിന് വഴിവച്ചത്.

കാണരുതാത്തത് അറിയാതെ കണ്ടുപോയ 'കുറ്റ'ത്തിന് സിസ്റ്റർ അഭയയ്ക്ക് സ്വന്തം ജീവൻ 'ശിക്ഷ'യായി നൽകേണ്ടിവന്നുവെന്നാണ് സി.ബി.ഐ സംഘത്തിന് ലഭിച്ച വിവരങ്ങൾ നൽകുന്ന സൂചന.

നാർക്കോ പരിശോധനയിൽ മൂവരും അഭയ കൊലക്കേസിൽ തങ്ങൾക്കുള്ള പങ്ക് അർദ്ധബോധാവസ്ഥയിൽ വെളിപ്പെടുത്തിയിരുന്നു. തനിക്ക് ചില വൈദികരുമായും കോൺവെന്റിനു പുറത്തുള്ള ചിലരുമായും അവിഹിതബന്ധമുണ്ടായിരുന്നുവെന്നും അത് അഭയ കാണാനിടയായെന്നുമാണ് നാർക്കോപരിശോധനയിൽ സിസ്റ്റർ സെഫി വെളിപ്പെടുത്തിയത്. 'അരുതാത്ത സാഹചര്യ'ത്തിൽ ആയിരുന്ന തങ്ങളെ ഫ്രിഡ്ജിൽ നിന്ന് വെള്ളം എടുക്കാനെത്തിയ അഭയ കണ്ടപ്പോൾ പെട്ടെന്നുണ്ടായ പരിഭ്രമംമൂലം കയ്യിൽ കിട്ടിയ മൂർച്ചയില്ലാത്ത ആയുധംകൊണ്ട് തലയ്ക്കടിച്ചുവെന്നും മരിച്ചെന്നു കരുതി കോൺവെന്റിനു പിന്നിലെ കിണറ്റിൽ തള്ളിയെന്നുമാണ് വൈദികർ സമ്മതിച്ചത്.

കഴിഞ്ഞ ദിവസം സി.ബി.ഐ കസ്റ്റഡിയിലെടുത്ത സഞ്ജു പി. മാത്യു പയസ് ടെൻത് കോൺവെന്റിനു തൊട്ടുപിന്നിൽ താമസിക്കുന്ന മാത്തുക്കുട്ടിച്ചായന്റെ മകനാണ്. അഭയ കൊല്ലപ്പെട്ട ദിവസം വെളുപ്പിന് രണ്ടര മണിക്ക് സഞ്ജു കോൺവെന്റിനു മുന്നിലൂടെ ജില്ലാ ആശുപത്രിയിലേക്കുള്ള വഴിയെ നടന്നു പോകുന്നതു കണ്ടതായി സമീപവാസിയായ ഒരു ഓട്ടോ ഡ്രൈവർ മൊഴി നൽകിയിരുന്നു. ആശുപത്രിക്ക് സമീപമുള്ള കടയിൽ നിന്ന് കട്ടൻ കാപ്പി കുടിക്കാൻ പോയതാണെന്ന് മൊഴി നൽകിയ സഞ്ജു സി.ബി.ഐ കേസിൽ സംശയിക്കപ്പെടുന്നവരുടെ പട്ടികയിലായിരുന്നു.

എന്നാൽ നാർക്കോ പരിശോധനാഫലത്തിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ ദിവസം നടത്തിയ ചോദ്യം ചെയ്യലിൽ സഞ്ജു പി. മാത്യു നിർണായകമായ വെളിപ്പെടുത്തലുകളാണ് നടത്തിയത്. കേസിലെ വഴിത്തിരിവായ ഈ വെളിപ്പെടുത്തൽ ക്രിമിനൽ നടപടിക്രമം 164-ാം വകുപ്പ് പ്രകാരം മജിസ്ട്രേട്ട് മുമ്പാകെ സഞ്ജുവിനെക്കൊണ്ട് ആവർത്തിപ്പിച്ചതോടെയാണ് അഭയകേസിലെ പ്രതികളുടെ അറസ്റ്റിലേക്ക് സി.ബി.ഐക്ക് എത്താനായത്. (മജിസ്ട്രേട്ട് മുമ്പാകെ നൽകുന്ന മൊഴി ഒരാൾക്ക് പിന്നീട് മാറ്റാനാവില്ല)

അഭയകേസ് അന്വേഷിച്ച സി.ബി.ഐ ഡിവൈ.എസ്.പി നന്ദകുമാർ നായർ (ഇടത്ത്) സംഘാംഗങ്ങൾക്കൊപ്പം

16 വർഷം പാഴാക്കി, 19 ദിവസം കൊണ്ടു പിടികൂടി

എം. എസ്. സജീവൻ

കൊച്ചി: ലോക്കൽ പൊലീസ് മുതൽ സി.ബി.ഐ വരെ ആറു സംഘങ്ങൾ പതിനാറു വർഷം ശ്രമിച്ചിട്ടും നേടാനാവാത്തതാണ് 19 ദിവസം കൊണ്ട് സി.ബി.ഐ കൊച്ചി യൂണിറ്റ് കൈവരിച്ചത്.

സിസ്റ്റർ അഭയ കൊല്ലപ്പെട്ടത് 1992 മാർച്ച് 27 നാണ്. കോട്ടയം ഈസ്റ്റ് പൊലീസ് കേസ് രജിസ്റ്റർ ചെയ്തു. ആത്മഹത്യയെന്ന് എഴുതിത്തള്ളാനാണ് പിന്നീട് അന്വേഷിച്ച ക്രൈംബ്രാഞ്ചും ശ്രമിച്ചത്. വൈകാതെ സി.ബി.ഐക്ക് കേസ് ലഭിച്ചു. വർഗീസ് പി. തോമസ് അന്വേഷണം തുടങ്ങി. പിന്നെ ആറു പ്രത്യേക ടീമുകൾ. അഭയ കൊല്ലപ്പെട്ടെന്ന് വ്യക്തമായെങ്കിലും സംശയിക്കപ്പെട്ടവർ രക്ഷപ്പെട്ടു.

എറണാകുളം സി.ജെ.എം കോടതിയും ഹൈക്കോടതിയും ശക്തമായി ഇടപെട്ടു. അന്വേഷണം സി.ബി.ഐ കൊച്ചി യൂണിറ്റിന് കൈമാറാൻ ഉത്തരവിട്ടു.

ഒക്ടോബർ അവസാനവാരം അന്വേഷണ സംഘത്തെ നിയോഗിച്ചു. ഡിവൈ.എസ്.പി നന്ദകുമാർ നായർ തലവൻ. ഇൻസ്പെക്ടർമാരായ കെ.ജെ. ഡാർവിൻ, എ.പി. രാജൻ, സജി മാത്യു, ഓഫീസർ ഷൈജു എന്നിവർ മറ്റംഗങ്ങൾ. അന്വേഷണത്തിന്റെ മേൽനോട്ടം ഡി.ഐ.ജി. പി. കന്തസ്വാമിക്ക്.

തെളിവുകൾ നശിപ്പിക്കപ്പെട്ടതായിരുന്നു സംഘം നേരിട്ട ആദ്യത്തെ വെല്ലുവിളി. കേസിൽ സി.ബി.ഐ അന്വേഷണം പുരോഗമിക്കവേ 1993 ജൂൺ 25 ന് തെളിവുകളായ തൊണ്ടിവസ്തുക്കൾ നശിപ്പിക്കപ്പെട്ടിരുന്നു. കേസ് ഡയറി, ഫോട്ടോകൾ, അഭയ ധരിച്ചിരുന്ന വസ്ത്രങ്ങൾ തുടങ്ങിയവ. 16 വർഷം മുമ്പത്തെ കോൺവെന്റിൽ അഭയയെ കൊല്ലപ്പെട്ട നിലയിൽ കണ്ടെത്തിയ രംഗം പുന:സൃഷ്ടിക്കുക എന്നതായിരുന്നു വെല്ലുവിളി.

അന്വേഷണ സംഘം കോട്ടയത്തേക്ക് നീങ്ങി. മുമ്പ് സംശയിച്ചിരുന്ന ഫാ. തോമസ് കോട്ടൂർ, ഫാ. ജോസ് പൂതൃക്കയിൽ, സിസ്റ്റർ സെഫി എന്നിവരെ ചോദ്യം ചെയ്തു. മുമ്പ് അന്വേഷിച്ച സംഘങ്ങൾ കാര്യമായി എടുക്കാതിരുന്ന സഞ്ജുവിന്റെ മൊഴി ലഭിച്ചതോടെ കാര്യങ്ങൾ എളുപ്പമായി. വ്യക്തമായ ചില പുതിയ തെളിവുകളും ലഭിച്ചു.

നാർക്കോ പരിശോധന

- നാർക്കോ പരിശോധന നടത്തിയത് ബാംഗ്ളൂരിലെ ഫോറൻസിക് ലാബിന്റെ മേൽനോട്ടത്തിൽ.
- പരിശോധന നടന്നത് ബൗറിംഗ് ആൻഡ് ലേഡി കർസൺ ആശുപത്രിയിലെ ഓപ്പറേഷൻ തിയേറ്ററിൽ.
- തോമസ് കോട്ടൂരിനെ പരിശോധനയ്ക്ക് വിധേയനാക്കിയത് 2007 ആഗസ്റ്റിൽ. സെഫിയെ ആഗസ്റ്റ് 31-ന്. ജോസ് പൂതൃക്കയെ സെപ്തംബർ 3ന്.

എം. എൻ. നമ്പ്യാർ അന്തരിച്ചു

ചെന്നൈ : വില്ലൻ വേഷങ്ങളിലൂടെ തമിഴകം കീഴടക്കിയ പ്രശസ്ത ചലച്ചിത്ര നടൻ എം.എൻ. നമ്പ്യാർ (89) അന്തരിച്ചു. ഇന്നലെ ഉച്ചയ്ക്ക് ചെന്നൈയിലെ വസതിയിലായിരുന്നു അന്ത്യം. കുറേ മാസമായി കിടപ്പിലായിരുന്നു.

ഏഴു പതിറ്റാണ്ടുകളിലായി ആയിരത്തിലധികം സിനിമകളിൽ വേഷമിട്ട നമ്പ്യാർ ഏഴു തലമുറകളുടെയും വില്ലനായി'. എം.ജി. ആർ സിനിമകളിലെ ഈ സ്ഥിരം വില്ലൻ ശിവാജി ഗണേശൻ, ജെമിനിഗണേശൻ, രജനീകാന്ത്, കമലാഹാസൻ തുടങ്ങിയവരുടെ വില്ലനായും വിലസി. എം.ജി. ആറിനൊപ്പം 'ആയിരത്തിൽ ഒരുവൻ', ശിവാജിഗണേശന്റെ ' അംബികാപതി' തുടങ്ങിയവയിൽ ഉജ്ജ്വല പ്രകടനമാണ് കാഴ്ചവച്ചത്.

1919 മാർച്ച് 7ന് കണ്ണൂരിൽ ജനിച്ച മഞ്ഞേരി നാരായണൻ നമ്പ്യാർ എന്ന എം.എൻ. നമ്പ്യാർ 13-ാം വയസ്സിൽ നവാബ് രാജമാണിക്യത്തിന്റെ നാടക ട്രൂപ്പിലൂടെയാണ് അഭിനയരംഗത്തെത്തുന്നത്. തമിഴിലും ഹിന്ദിയിലുമായി 1935ൽ പുറത്തിറങ്ങിയ 'ഭക്തരാമദാസി'ലൂടെയാണ് വെള്ളിത്തിരയിലെത്തിയത്.

മോഡേൺ തിയേറ്ററിന്റെ കല്യാണി, കവിത എന്നീ തമിഴ് സിനിമകളിൽ നായക സ്ഥാനത്തും നമ്പ്യാർ തിളങ്ങി. കുഞ്ചാക്കോ സിനിമകളിലൂടെ മലയാളത്തിൽ സജീവമായ അദ്ദേഹം 'കഴുകൻ' എന്ന സിനിമയിൽ ജയന്റെ വില്ലനായി നടത്തിയ പ്രകടനം ഏറെ ശ്രദ്ധിക്കപ്പെട്ടു.

ജയറാം നായകനായ 'ഷാർജ ടു ഷാർജ' ആണ് നമ്പ്യാർ വേഷമിട്ട അവസാന മലയാളചിത്രം. 1952ൽ പുറത്തിറങ്ങിയ വില്ല്യം ബർക്ക് സംവിധാനം ചെയ്ത 'ജംഗിൾ' എന്ന ഇംഗ്ലീഷ് സിനിമയിലും തെലുങ്ക്, ഹിന്ദി സിനിമകളിലും അഭിനയിച്ചിട്ടുണ്ട്. നാടക മൻട്രം എന്ന ട്രൂപ്പും നടത്തിയിരുന്നു.

വെള്ളിത്തിരയിൽ സമാനതകളില്ലാത്ത വില്ലനായി നിറഞ്ഞുനിൽക്കുമ്പോഴും പുറത്ത് സൗമ്യനായ 'വെജിറ്റേറിയ'നായിരുന്നു സിനിമാലോകത്ത് ഏറെ ആദരിക്കപ്പെടുന്ന നമ്പ്യാർ. തികഞ്ഞ അയ്യപ്പഭക്തനായ നമ്പ്യാർ 65 വർഷമായി ശബരിമല ദർശനം മുടക്കിയിരുന്നില്ല. സിനിമാരംഗത്തെ പ്രിയപ്പെട്ടവർക്കിടയിൽ ഗുരുസ്വാമി എന്നാണ് അറിയപ്പെട്ടിരുന്നത്.

ഒരു കപ്പൽ കൂടി റാഞ്ചി

സലാല: കടൽ കൊള്ളക്കാർക്കെതിരെ ശക്തമായ നടപടി തുടരുന്നതിനിടെ ഇന്നലെ അവർ ഒരു കപ്പൽ കൂടി റാഞ്ചി. ഭക്ഷ്യധാന്യങ്ങളുമായി പോയ ഒരു ഹോങ്കോംഗ് കപ്പലാണ് ഇന്നലെ കടൽ കൊള്ളക്കാർ തട്ടിയെടുത്തത്. അതേസമയം കഴിഞ്ഞ ദിവസം സോമാലിയൻ കടൽ കൊള്ളക്കാർ തട്ടിയെടുത്ത സൗദി അറേബ്യയിലെ വേലാ ഇന്റർനാഷണൽ കമ്പനിയുടെ സിറിയസ് സ്റ്റാർ എന്ന കപ്പൽ മോചിപ്പിക്കാനുള്ള ശ്രമം തുടരുകയാണ്.

കപ്പൽ വിട്ടുകൊടുക്കാൻ 25 കോടി ഡോളറാണ് മോചനദ്രവ്യമായി കൊള്ളക്കാർ ആവശ്യപ്പെടുന്നത്. 25 ജീവനക്കാരുള്ള കപ്പലിൽ 10 കോടി ഡോളറിന്റെ എണ്ണയുമുണ്ട്.

കടൽക്കൊള്ളക്കാരുടെ കപ്പൽ ഇന്ത്യൻസേന മുക്കി

സലാല : സൊമാലിയൻ കടൽക്കൊള്ളക്കാരുടെ കപ്പൽ ഇന്ത്യൻ യുദ്ധക്കപ്പൽ തകർത്തു. കടൽക്കൊള്ളക്കാരുടെ വിഹാരകേന്ദ്രമായ ആദൻ കടലിടുക്കിൽ നിരീക്ഷണം നടത്തുകയായിരുന്ന ഇന്ത്യൻ നാവിക സേനയുടെ ഐ.എൻ.എസ്. താബോറാണ് കപ്പൽ മുക്കി, കൊള്ളക്കാരെ തുരത്തിയത്.

ഒമാനിലെ സലാലയുടെ തെക്കുപടിഞ്ഞാറൻ തീരത്തുനിന്ന് 285 നോട്ടിക്കൽ മൈൽ (528 കിലോമീറ്റർ) അകലെ ആദൻ കടലിടുക്കിൽവച്ച് സംശയം തോന്നി, പരിശോധന നടത്താൻ മുതിർന്നപ്പോഴാണ് കപ്പൽ കടൽക്കൊള്ളക്കാരുടേതാണെന്ന് തിരിച്ചറിഞ്ഞത്. അടുത്തുചെന്നാൽ ഇന്ത്യൻ കപ്പലിനെ തകർക്കുമെന്ന് ഭീഷണിപ്പെടുത്തിയ കൊള്ളക്കാർ താബോറിനുനേരെ വെടിവയ്ക്കുകയും ചെയ്തു. ഇന്ത്യൻ സേന നടത്തിയ തിരിച്ചടിയിൽ കൊള്ളക്കാർ കരുതിവച്ചിരുന്ന സ്ഫോടകവസ്തുക്കൾ പൊട്ടിത്തെറിച്ചാണ് കപ്പൽ തകർന്നത്. കപ്പലിലുണ്ടായിരുന്ന കൊള്ളക്കാർ സ്പീഡ് ബോട്ടുകളിൽ രക്ഷപ്പെട്ടു. ഇന്ത്യൻ കപ്പൽ ഇവരെ പിന്തുടർന്നെങ്കിലും പിന്നീട് ഉപേക്ഷിക്കപ്പെട്ട നിലയിൽ സ്പീഡ് ബോട്ടുകൾ കണ്ടെത്തിയതായി ഇന്ത്യൻ നേവി അറിയിച്ചു. കൊള്ളക്കാരുടെ കപ്പലിൽ യന്ത്രത്തോക്കുകളും ഗ്രനേഡ് വിക്ഷേപിക്കുവാനായി ഘടിപ്പിച്ച റോക്കറ്റ് ലോഞ്ചറുകളും ഉണ്ടായിരുന്നു.

പത്തുകോടി ഡോളറിന്റെ എണ്ണയുമായി വരികയായിരുന്ന സൗദി അറേബ്യൻ കമ്പനിയായ വേലാ ഇന്റർനാഷണലിന്റെ സിറിയസ് സ്റ്റാർ കപ്പൽ റാഞ്ചിയതിന് പിന്നാലെയാണ് ഇന്ത്യൻ സേനയുടെ നടപടി.

25 ജീവനക്കാരാണ് ഈ എണ്ണക്കപ്പലിലുള്ളത്.